പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5083 02.07.2013-ൽ മറുപടിയ്ക്ക്

## രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീ കരൺ യോജന.

ചോദ്യം

ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീമതി. ഇ. എസ്. ബിജിമോൾ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. കെ. അജിത് :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ പ്രകാരം സൗജന്യ വൈദ്യുതി വിതരണ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഓരോ ജില്ലയിലും എത്ര പേർക്ക് വീതം സൗജന്യ വൈദ്യുതി നല്കി ; ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വ്യക്തമാക്കുമോ ;

(എ) രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ പദ്ധതി കേരളത്തിൽ നടപ്പാക്കിയിട്ടുണ്ട്.

ഈ പദ്ധതി പ്രകാരം സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകിയ കണക്ക് ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| | |
|---|---|
| കാസർഗോഡ് | 3638 എണ്ണം |
| കണ്ണൂർ | 6734 എണ്ണം |
| കോഴിക്കോട് | 6018 എണ്ണം |
| വയനാട് | 6760 എണ്ണം |
| പാലക്കാട് | 9577 എണ്ണം |
| മലപ്പുറം | 6694 എണ്ണം |
| ഇടുക്കി | 17238 എണ്ണം |

എല്ലാ ഗ്രാമീണ ഭവനങ്ങളും വൈദ്യുതീകരിക്കുക, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ വീടുകൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(ബി) ഈ പദ്ധതിക്കായി കേന്ദ്ര ഗവൺമെൻറിൽ നിന്നും ഇതുവരെ എത്ര തുക ലഭിച്ചു ; ഇതിൽ എത്ര തുക വിനിയോഗിച്ചു ; ഓരോ ജില്ലയിലും എത്ര തുക വീതം വിനിയോഗിച്ചു ;

(ബി) ഈ പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും ഇതുവരെയായി ലഭിച്ച തുകയുടേയും വിനിയോഗിച്ച തുകയുടേയും കണക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ലയുടെ പേര് | ലഭിച്ച തുക (ലക്ഷം രൂപ) | ചെലവാക്കിയ തുക (ലക്ഷം രൂപ) |
|---|---|---|---|
| 1. | കാസർഗോഡ് | 781.763 | 782.072 |
| 2. | കണ്ണൂർ | 1439.470 | 1268.091 |
| 3. | കോഴിക്കോട് | 851.9 | 678.851 |
| 4. | വയനാട് | 665.587 | 563.681 |
| 5. | പാലക്കാട് | 765.886 | 594.373 |
| 6. | മലപ്പുറം | 1712.227 | 825.79 |
| 7. | ഇടുക്കി | 1654.643 | 2041.1283 |
| 8. | തിരുവനന്തപുരം | 615.6179 | 242.90894 |
| 9. | കൊല്ലം | 93.7018 | 60.00806 |
| 10 | പത്തനംതിട്ട | 167.577 | 49.49359 |
| 11. | കോട്ടയം | 224.75675 | 41.44898 |

| | | | |
|---|---|---|---|
| 12. | ആലപ്പുഴ | 401.37756 | 256.37422 |
| 13. | എറണാകുളം | 698.9624 | 113.3677 |
| 14. | തൃശ്ശൂർ | 360.2892 | 241.05534 |

(സി) എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പാക്കുന്നതിന് ഏതെല്ലാം കമ്പനികളെയാണ് ഏല്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

(സി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ പദ്ധതി ബോർഡ് സ്വന്തമായിട്ടാണ് നടപ്പിലാക്കുന്നത്. മറ്റു ജില്ലകളിൽ പദ്ധതി പ്രവൃത്തികൾ നടപ്പിലാക്കുന്ന കമ്പനികളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കാസർഗോഡ്<br>കണ്ണൂർ<br>കോഴിക്കോട് | ബെൻടെക് ഇലക്ട്രിക്കൽസ് ആൻറ് ഇലക്ട്രോണിക്സ് പ്രൈവറ്റ് ലിമിറ്റഡ്, കൽക്കത്ത. |
| വയനാട്<br>പാലക്കാട് | അരാവലി ഇൻഫ്രാ പവർ ലിമിറ്റഡ്, ന്യൂഡൽഹി. |
| മലപ്പുറം<br>1. (സബ്സ്റ്റേഷൻ) നിർമ്മാണം<br><br>2. ഡിസ്ട്രിബ്യൂഷൻ പ്രവൃത്തികൾ | ആസ്റ്റർ പ്രൈവറ്റ് ലിമിറ്റഡ്, ഹൈദ്രാബാദ്.<br><br>ഈസ്റ്റ് കോസ്റ്റ് കൺസ്ട്രക്ഷൻസ് ആൻറ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, ചെന്നൈ എന്ന കമ്പനിക്ക് നൽകിയെങ്കിലും, പ്രവൃത്തികൾ ഒന്നും തന്നെ സമയ ബന്ധിതമായി ചെയ്യാതിരുന്നതു കൊണ്ട് എഗ്രിമെൻറ് ടെർമിനേറ്റ് ചെയ്തു. |

**സെക്ഷൻ ഓഫീസർ.**